**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലയിലെ കൈനക്കരി ഗ്രാമ ഗ്രാമപഞ്ചായത്ത്— 2001-2002 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-6 – ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം.3573/15/തസ്വഭവ. തിരുവനന്തപുരം, തീയതി: 30/11/205

---

പരാമർശം:- 1) പഞ്ചായത്ത് ഡയരക്ടറുടെ 25/07/15 ലെ എം-3-22178/15ാം നമ്പർകത്ത്.

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ കൈനക്കരി ഗ്രാമ പഞ്ചായത്തിൻ റെ 2001-2002 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-6 പ്രകാരം ഓട്ടോറിക്ഷാ ഡ്രൈവിംഗ് പരിശീലനം എന്ന പദ്ധതിയനുസരിച്ച് ക്രമവിരുദ്ധമായി ചെലവുചെയ്ത 50000 രൂപ ( അമ്പതിനായിരം രൂപ മാത്രം ) ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു .

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 1 0 / 12 / 2014 ലെ XV (4) ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം , ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ് , ജില്ലാതലആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിശുപാർശ തീരുമാനം എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് ഡയരക്ടർ മുഖേന പരാമർശം(1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് . ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന ചെലവു ചെയ്യാനുണ്ടായ സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ആലപ്പുഴ ജില്ലയിലെ കൈനക്കരി ഗ്രാമ പഞ്ചായത്തിന്റെ 2001-2002 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-6 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 50000 രൂപയ്ക്ക് ( അമ്പതിനായിരം രൂപ മാത്രം ) ടി പദ്ധതിയുടെ കാലപ്പഴക്കം പരിഗണിച്ചും

വികേന്ദ്രീകരണാസൂത്രണത്തിന്റെ ആരംഭകാലത്താണ് പരാമർശിതപദ്ധതി നടപ്പിലാക്കിയിട്ടുള്ളത് എന്നത് പരിഗണിച്ചും സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
റ്റി.വിജയൻ
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കൈനകരി ഗ്രാമപഞ്ചായത്ത്,ആലപ്പുഴ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,ആലപ്പുഴ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ